# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1986
04-11-2019-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം**

| **ചോദ്യം**<br>**ശ്രീ. എ. എൻ ഷംസീർ** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, 25/05/2016 മുതൽ 29/10/2019 വരെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 3359.01 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരമാണ്.<br>തിരുവനന്തപുരം - 115.05 കോടി രൂപ<br>കൊല്ലം - 99.35 കോടി രൂപ<br>പത്തനംതിട്ട - 178.58 കോടി രൂപ<br>ആലപ്പുഴ - 604.20 കോടി രൂപ<br>കോട്ടയം - 211.38 കോടി രൂപ<br>ഇടുക്കി - 161.40 കോടി രൂപ<br>എറണാകുളം - 675.01 കോടി രൂപ<br>തൃശ്ശൂർ - 436.46 കോടി രൂപ<br>പാലക്കാട് - 130.23 കോടി രൂപ<br>മലപ്പുറം - 134.67 കോടി രൂപ<br>കോഴിക്കോട് - 85.71 കോടി രൂപ<br>കണ്ണൂർ - 44.35 കോടി രൂപ<br>വയനാട് - 75.10 കോടി രൂപ<br>കാസർഗോഡ് - 93.59 കോടി രൂപ<br>വിവിധ സ്ഥാപനങ്ങൾ വകുപ്പുകൾ - 313.93 കോടി രൂപ |

| | |
|---|---|
| ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷ നൽകുന്നവർക്ക് സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം കാര്യക്ഷമമാകുന്നതിലേയ്ക്കായി 2018 ഏപ്രിൽ 1 മുതൽ ധനസഹായ വിതരണം ഡയറക്റ്റ് ബനിഫിറ്റ് ട്രാൻസ്ഫർ മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്ന സോഫ്റ്റ് വെയർ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ സംവിധാനം വഴി ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായ് ധനകാര്യ വകുപ്പിന്റെ കീഴിൽ 'മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ടെക്നിക്കൽ സപ്പോർട്ട് സെൽ' പ്രവർത്തിച്ചുവരുന്നു. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടറിയേറ്റ് തലം വരെയും അക്ഷയ സെന്ററുകൾ വഴി സ്വീകരിക്കുന്ന അപേക്ഷകളും അനുബന്ധ രേഖകളും ഓൺലൈയിൻ വഴി സ്വീകരിച്ച് ബന്ധപ്പെട്ട സോഫ്റ്റ് വെയർ സംവിധാനം കാലാനുസൃതമായ് പരിഷ്കരിച്ചും ധനസഹായ വിതരണം കാര്യക്ഷമമാക്കിട്ടുമുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**